
Monthly Price Rs. 4/- 2008

# ബൈബിൾ ദൂത്



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

**സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)**

**രക്ഷ എന്നാൽ "പാപമോചനം"**

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 21** **February 2008** **No.11**


# എഡിറ്റോറിയൽ

ഇന്ന് സമൂഹത്തിൽ ഉള്ള മനുഷ്യരെ വിശ്വാസികളും അവിശ്വാസികളും എന്നു രണ്ടായി വിഭാഗിക്കാം. വിശ്വാസികളുടെ വിശ്വാസം തന്നെ പല തട്ടുകളിലാണ്. അവിശ്വാസികൾ നിരത്തുന്ന കാരണങ്ങളും വിഭിന്നങ്ങളാണ്. എന്താണ് വിശ്വാസം എന്ന് യഥാർത്ഥത്തിൽ വിശ്വാസികളും എന്താണ് അവിശ്വാസം എന്ന് അവിശ്വാസികളും മനസ്സിലാക്കുകയാണെങ്കിൽ എത്ര നന്നാ യിരുന്നു? ഇത് വിവേചിച്ച് ഓരോരുത്തരും മനസ്സിലാക്കണം. വിശ്വാസമെന്ത് എന്ന് ആധികാരികമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള ഏക വെളിപ്പാടാണ് സത്യ വേദ പുസ്തകം. അത് ചരിത്രപരമായും ശാസ്ത്രീയപരമായും പ്രവചനപരമായും പരിശോധിക്കാവുന്നതും വിലയിരുത്താവുന്നതുമാണ്.

വിശ്വാസമെന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ്. നമ്മുടെ അറിവ് വച്ചുകൊണ്ട് നാം അതാണ് അന്തിമസത്യമെന്ന് കരുതരുത്. ദൈവത്തിന്റെ അസ്തിത്വത്തെയും പ്രവർത്തികളെയും നമ്മുടെ ബുദ്ധിക്ക് തെളിവാകേണ്ടതിന് പല രീതിയിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പ്രപഞ്ചം, പ്രപഞ്ച നിയമങ്ങൾ എന്നിവ പരിശോധിച്ചാൽ എല്ലാ പ്രവർത്തികളും ഒരു അമാനുഷ നിയന്ത്രണത്തിനു വിധേയമായി നടത്തുന്നു എന്ന് ബോധ്യമാകും. പക്ഷെ വിശ്വാസം ഒരു വ്യക്തിയുടെ ഉള്ളിൽ വരുവാൻ പല വഴികളും ശരിയായതും

തെറ്റായതുമായ വിശ്വാസ സംഹിതകൾ ഇന്ന് ലോകത്തിൽ പ്രചരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ കടമ എന്തെന്നാൽ സത്യവും അസത്യവും മനസ്സിലാക്കുക എന്നതാണ്. അതിനുവേണ്ടിയാണ് ദൈവം നാം അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യത്തെ സംബന്ധിച്ചും വിവരങ്ങൾ നല്കിയിരിക്കുന്നത്.

വാസ്തവത്തിലുള്ള വിശ്വാസം അന്ധതയെ ദുരീകരിക്കുന്നതും പ്രകാശത്തെ നൽകുന്നതുമാണ്. അന്ധമായി നാം ദൈവത്തെ വിശ്വസിക്കണമെന്നല്ല ദൈവം ആഗ്രഹിക്കുന്നത്. കാര്യകാരണ സഹിതം എല്ലാ വിശ്വസനീയമായ തെളിവുകളും മനുഷ്യർക്ക് തന്റെ വചനത്തിലൂടെ ദൈവം നൽകിയിട്ടുണ്ട്. പക്ഷെ ഞാൻ മുൻപ് പറഞ്ഞതുപോലെ എല്ലാവരും അത് പരിശോധിക്കുന്നില്ല. അതുകൊണ്ടാണ് തെറ്റ് വിശ്വസിക്കയും ശരി കണ്ടെത്താതിരിക്കുകയും ചെയ്യുന്നത്. എന്നിരുന്നാലും സത്യം സത്യമായിത്തന്നെ നിലനില്ക്കുന്നു. നമ്മുടെ ജീവിതം ഈ ലോകത്തിൽ താല്ക്കാലികമാണ്. അതുകൊണ്ട് ഈ ആയുസ്സിൽ തന്നെ നാം ആരാണെന്നും എവിടേക്കുപോകുന്നുവെന്നും നമ്മെ ഇവിടെ ആക്കിയ ദൈവത്തിൽ നിന്ന് മനസ്സിലാക്കണം. അതാണ് നമ്മെ സംബന്ധിച്ച് വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കേണ്ടത്. അവിശ്വാസം പാപത്തിനു മറയാക്കാതെ വിശ്വാസം വചനത്താൽ ഉറപ്പിക്കയും അതനുസരിച്ച് പ്രവർത്തിക്കയും ചെയ്താൽ നമ്മുടെ ജീവിതം അർത്ഥവത്താകും.

ആദ്യമായി നമുക്ക് ദൈവത്തിൽ വിശ്വാസം ഉണ്ടാകണം. കാരണം ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യരെല്ലാവരും. അതുകൊണ്ട് സൃഷ്ടികളായ നമുക്ക് സൃഷ്ടികർത്താവിനോട് വിശ്വാസം ഇല്ലാത്ത ഒരു സ്ഥിതി ആലോചിക്കുവാനേ കഴിയുകയില്ല. പിന്നീട് നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ മോചിക്കുവാൻ തന്റെ പുത്രനെ ദൈവം നൽകി എന്നും ആ പുത്രൻ നമുക്കാവശ്യമായ വചനം നൽകിയെന്നും നാം വിശ്വസിക്കേണ്ടതാണ്. തുടർന്ന് ആ വിശ്വാസപ്രകാരമുള്ള ജീവിതം നയിക്കേണ്ടതായും ഉണ്ട്. ഇത് നാം സ്വയമായി തിരഞ്ഞെടുക്കേണ്ട ജീവിത രീതിയാണ്. ദൈവം നമുക്ക് അതിനുള്ള സ്വാതന്ത്ര്യം തന്നിട്ടുണ്ട്.

✱

# കർത്താവിന്റെ പ്രാർത്ഥന

## J.C. ചോട്ട്

കർത്താവിന്റെ പ്രാർത്ഥന എന്നു പറഞ്ഞു കേട്ടിട്ടുണ്ടോ? യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കിടയിൽ പറഞ്ഞു കേൾക്കാറുള്ള ഒന്നാണ് കർത്താവിന്റെ പ്രാർത്ഥന. അവർ തങ്ങളുടെ ആരാധനയിലും പാട്ടിലും ഉപയോഗിച്ചു വരുന്നുണ്ട്. ഈ വിധത്തിൽ അതു പ്രയോഗിക്കാത്തവരെ അവർ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാറുണ്ട്. അതിന്റെ വിശദാംശത്തിലേക്ക് നമുക്ക് കടക്കാം.

മത്തായി ആറാം അദ്ധ്യായത്തിലാണ് "കർത്താവിന്റെ പ്രാർത്ഥന" എന്ന പേരിൽ അറിയപ്പെടുന്നതു വിവരിച്ചിരിക്കുന്നതു. അവിടെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ, നിന്റെ രാജ്യം വരേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ (മത്തായി 6:9-13).

ഈ പ്രാർത്ഥനയെ സംബന്ധിച്ച് വെറും വ്യത്യാസം എടുത്തു കാണിക്കാൻ വേണ്ടി വിവരിക്കുന്ന ഒരു വിവരണമല്ല നമ്മുടേത്. നിഷേധാത്മകമായോ വിമർശനാത്മകമായോ ആളുകളെ കാണുകയുമല്ല ഞങ്ങളുടെ ലക്ഷ്യം. എങ്കിലും ഇതു കർത്താവിന്റെ പ്രാർത്ഥനയല്ല എന്ന സത്യം തുറന്നു പറയട്ടെ. കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ അതു കണക്കാക്കണമെന്ന ഉദേശവും യേശുവിനില്ലായിരുന്നു. ഇതു കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ കണക്കാണമെന്ന ഉദേശവും യേശുവിനില്ലായിരുന്നു. വചനം ഒരിക്കലും ഇതു കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ പഠിപ്പിക്കുന്നില്ല. എന്നാൽ ഈ വാക്യങ്ങളുടെ ഉദ്ദേശം എന്താണ്? എന്തിനു വേണ്ടിയാണ് കർത്താവ് അതു പഠിപ്പിച്ചത്?

ഈ സന്ദർഭത്തിൽ ക്രിസ്തു, ശിഷ്യന്മാരെ ആരാധന എങ്ങനെ യായിരിക്കണം എന്നു പഠിപ്പിക്കുന്നു. ആരാധനയുടെ ഭാഗമാണല്ലോ പ്രാർത്ഥന. ആദ്യം അവൻ കപട വിശ്വാസികളുടെ വഴിപാടുകളിൽ അടങ്ങിയ ഉദ്ദേശത്തെ കുറ്റപ്പെടുത്തുന്നുണ്ട്. ഭിക്ഷ കൊടുക്കുന്ന വരിൽ അധികം പേരും മനുഷ്യരെ കാണിക്കേണ്ടതിനു എല്ലാവരും കാണത്തക്കവണ്ണം ആണ് കൊടുക്കുന്നത്. ചിലർ ദാനങ്ങൾ, സംഭാ വനകൾ, എന്നിവ കൊടുക്കുന്നതിനു മുൻപ് കാഹളം ഊതി ആളു കളെ വിളിച്ചറിയിക്കാറുണ്ട്. ഇതു മനസ്സിലായ യേശു അവരെ പഠി പ്പിച്ചതു : അവർ ചെയ്യുന്നതു രഹസ്യത്തിലായാൽ അതു കാണുന്ന പിതാവ് അതിനു പ്രതിഫലം പരസ്യമായി നല്കും. ഇടതുകൈ ചെയ്യു ന്നതു വലതുകൈ അറിയരുതെന്ന് കർത്താവു പറഞ്ഞു.

തന്നെയുമല്ല, പരസ്യമായി, ദീർഘമായിട്ടും ആവർത്തിച്ചും ഉച്ച ത്തിൽ പ്രാർത്ഥിക്കുന്നവരുടെ തെറ്റും ഭയവും ചൂണ്ടി കാണിക്കു ന്നുണ്ട്. അവർ മനുഷ്യരെ കേൾപ്പിക്കേണ്ടതിനു വൃഥാ ജല്പനം ചെയ്യുന്നു എന്നാണ് കർത്താവ് പറഞ്ഞതു. അവൻ അവരോടു പറ ഞ്ഞതു: നീയോ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തി ലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു. നിങ്ങൾക്കു ആവശ്യ മുള്ളതു എന്തെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപു തന്നെ ദൈവ ത്തിനറിയാമല്ലോ.

ഇതെല്ലാം പറഞ്ഞശേഷം യേശു, തന്റെ ശിഷ്യന്മാരെ പ്രാർത്ഥി ക്കേണ്ടതു എങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ട്. ഇതു കർത്താവിന്റെ പ്രാർത്ഥനയായിരുന്നില്ല; മറിച്ച് ഒരു മാതൃകാ പ്രാർത്ഥനയായിരു ന്നു. കർത്താവു പറഞ്ഞതു അതു തന്നെയാണ്. ഇതുപോലെ പ്രാർത്ഥിപ്പിൻ എന്നാണ്. കർത്താവിന്റെ പ്രാർത്ഥന എന്നതു വാസ്ത വത്തിൽ നമുക്കു യോഹന്നാൻ പതിനേഴാം അദ്ധ്യായത്തിൽ കാണു ന്നുണ്ട്. തന്റെ ശിഷ്യന്മാർ ഐകമത്യത്തിൽ തന്നെ നിലനില്ക്കേ ണ്ടതിനും തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർ ഒന്നായിരിക്കേണ്ടതിനും കർത്താവു പ്രാർത്ഥിക്കുന്നുണ്ട്. ലോകത്തുള്ള ആളുകൾ യേശു ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു അവരെല്ലാവരും ഒന്നായിരി

ക്കണം. അതായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന.

മത്തായി ആറാം അദ്ധ്യായത്തിലെ പ്രാർത്ഥന കർത്താവിന്റെ പ്രാർത്ഥനയല്ലെന്നതിനു പുറമെ നാം അതു പ്രാർത്ഥിക്കണമെന്നും അവൻ ആഗ്രഹിച്ചിരുന്നില്ല. ആ ഭാഗം താഴോട്ടു വായിച്ചാൽ അതു ആ കാലത്തിനു യോജിച്ച ഒന്നായിരുന്നു എന്നു മനസിലാക്കും. അതു മുഴുവൻ പരിശോധിച്ചാൽ നമ്മുടെ കാലത്തിനുള്ളതല്ലെന്നു വ്യക്തമാകും. എന്തുകൊണ്ടാണ് എന്നതിനു ചില കാരണങ്ങൾ നമുക്കു പരിഗണിക്കാം.

1. യോഹന്നാൻ 14:13 വായിച്ചാൽ കർത്താവിന്റെ പ്രസ്താവനയനുസരിച്ച് സ്വർഗ്ഗാരോഹണശേഷം തന്റെ രാജ്യം അവൻ സ്ഥാപിക്കും എന്നരുളപ്പാടുണ്ടായിരുന്നല്ലോ. തന്നെയുമല്ല, ശിഷ്യന്മാരോടു പ്രാർത്ഥിപ്പാൻ അന്നു ആവശ്യപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു പറഞ്ഞിരുന്നില്ല.

2. കർത്താവു തന്റെ ആത്മിയ രാജ്യം സ്ഥാപിക്കുന്നതിനു മുൻപാണ് മത്തായി ആറാം അദ്ധ്യായത്തിൽ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നത്. രാജ്യത്തെ കുറിച്ച് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അതു വരേണ്ടിയിരുന്നു. അതുകൊണ്ടാണ് അവന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്. ഇന്നു നമ്മുടെ കാലത്തു ആ പ്രസ്താവന അനുയോജ്യമല്ല. കാരണം, യേശു മരിച്ച്, ഉയർത്തെഴുന്നേറ്റശേഷം അധിക നാൾ കഴിയുന്നതിനു മുൻപ് ദൈവ രാജ്യമായ അവന്റെ സഭ ആരംഭിച്ചു കഴിഞ്ഞു. എ.ഡി.33-ൽ അതു യെരുശലേമിൽ ആണ് ആരംഭിച്ചത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന പലരും ഇതു കർത്താവിന്റെ പ്രാർത്ഥനയെന്ന ധാരണയാൽ വാക്കു തെറ്റാതെ ആവർത്തിച്ചാവർത്തിച്ച് ദിവസവും ഉരുവിടുന്നുണ്ട്. കർത്താവിന്റെ രാജ്യം ആരംഭിച്ച് രണ്ടായിരം വർഷം കഴിഞ്ഞിട്ടും രാജ്യം വരേണമേ എന്നു ഇന്നും പ്രാർത്ഥിക്കുന്നതു അനുചിതം തന്നെയാണ്. ഒരാൾ തനിക്കു ഒരു ഭാര്യ കിട്ടേണം എന്നു പ്രാർത്ഥിച്ച് ഭാര്യ ലഭിച്ച് വർഷങ്ങൾക്കു ശേഷവും ഒരു ഭാര്യ കിട്ടേണമേ എന്നു പ്രാർത്ഥിച്ചാൽ അതു തെറ്റെന്നല്ലാതെ എന്തു പറയാനാണ്? അതുപോലെ തന്നെയാണ്, വന്നു കഴിഞ്ഞ രാജ്യം ഇനിയും വരേണമേ എന്നു പ്രാർത്ഥിക്കുന്നത്. രാജ്യ

ത്തിന്റെ വ്യാപ്തിക്കും വളർച്ചക്കും വേണ്ടി പ്രാർത്ഥിക്കാം.

മാതൃകാ പ്രാർത്ഥനയിലെ ശേഷം ഭാഗങ്ങൾ ചുരുങ്ങിയതും കാര്യമാത്ര പ്രസക്തവുമാണ്. ഭൗതികമായ ആവശ്യങ്ങൾ ഓരോരുത്തരും ദൈവത്തോടു അറിയിക്കണം. പ്രാർത്ഥിക്കുന്നയാൾ, തനിക്കെതിരെ സംഭവിച്ച പാപങ്ങൾ ക്ഷമിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ സ്വർഗ്ഗസ്ഥനായ പിതാവ് അയാളുടെ തെറ്റു പൊറുക്കയുള്ളു.

ഈ പ്രാർത്ഥനയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ശിഷ്യന്മാരുടെ കാലത്തിനു യോജിച്ചതായിരുന്നെങ്കിലും ചില മാതൃകാ പാഠം നമ്മെ അതു പഠിപ്പിക്കുന്നുണ്ട്. നാം അതു വാക്യാനുസാരമായി ആവർത്തിക്കാതെ അവയുടെ അർത്ഥം മനസ്സിലാക്കി, ഉള്ളടക്കം ശ്രദ്ധയോടെ നോക്കി മനസ്സിലാക്കണം. ജല്പനം യേശു ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായതാകണം പ്രാർത്ഥന. വെറും ഒരു ചടങ്ങായി അതു മാറരുത്. ഈ പ്രാർത്ഥന അതുപോലെ തന്നെ ചൊല്ലുന്ന വ്യക്തിയായാലും സമൂഹമായാലും വചനത്തിലുള്ള അജ്ഞത നിമിത്തമാണ് അതു ചെയ്യുന്നത്.

ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണല്ലോ നാം ഇന്നു ജീവിക്കുന്നത്. നമ്മളും പ്രാർത്ഥിക്കേണ്ട മാതൃകാ പ്രാർത്ഥനകൾ ഉണ്ട് (പ്രവൃത്തി 2:42;1 തെസ്സലൊനിക്യർ 5:17; ഫിലിപ്പിയർ 4:6; യാക്കൊബ് 5:16) ദൈവമക്കൾക്കാണ് പ്രാർത്ഥിക്കുവാനുള്ള അവകാശം ഉള്ളത് പിതാവിന്റെ ഇഷ്ടം അനുസരിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും (1 യോഹന്നാൻ 5:14,15). അവന്റെ വാഗ്ദാനത്തിനെതിരായോ അവനിഷ്ടമില്ലാത്ത ഏതെങ്കിലും ഒന്നോ നാം ചോദിക്കരുത്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട്, ദൈവത്തെ മഹത്വപ്പെടുത്തി ഭൗതികമായും ആത്മീയമായും ദൈവാനുഗ്രഹങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നാം അപേക്ഷിക്കണം.

നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്? ആരെങ്കിലും എഴുതിവെച്ച പ്രാർത്ഥനയാണോ നിങ്ങൾ ചൊല്ലുന്നത്? അതോ കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന അങ്ങനെതന്നെ പ്രാർത്ഥിക്കയാണോ? ദൈവവചനം അനുസരിച്ചു അവന്റെ ഇഷ്ടപ്രകാരം പ്രാർത്ഥിക്കുവാൻ നിങ്ങൾ മനസ്സുവെക്കുക.

★

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട് എം

ദൈവത്തെ മഹത്വപ്പെടുത്തി പല ചോദ്യങ്ങൾക്കും നാം സ്വയം ഉത്തരം കണ്ടെത്തി തൃപ്തിയടയുന്നു എന്നതു പരമാർത്ഥമാണ്. വാസ്തവത്തിൽ ഏതൊരു സംശയനിവാരണത്തിനും ദൈവത്തോടാണ് ഉത്തരത്തിനായി അപേക്ഷിക്കേണ്ടത്. അപ്പോൾ നമുക്കു ശരിയായി സംശയത്തിന്റെ നിവാരണം വരുത്തുവാൻ കഴിയും. എഫെസ്യർ 4:6–ലെ 'ദൈവം ഒന്ന്' എന്ന പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്? ഐക്യത ആഗ്രഹിക്കുന്ന ഒരാൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഏഴ് ഏകത്വത്തെ കുറിച്ച് പരിശുദ്ധാത്മ നിയോഗത്താൽ അപ്പൊസ്തലൻ എഴുതുകയാണ്. ആ ഭാഗത്തിന്റെ അവസാനം പൗലൊസ് പറഞ്ഞിരിക്കുന്നതു: എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി ഒരുവൻ എന്നാണ് (എഫെസ്യർ 4:6). ആത്മിക ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കാൻ പര്യാപ്തമാണ്.

നിത്യജീവന്നായുള്ള പ്രത്യാശ ഒന്നു മാത്രമാണുള്ളത്. ഒരാൾക്കു അവസാനത്തോളവും ഉറച്ചു നില്ക്കാൻ പ്രേരിപ്പിക്കുന്നതു അന്ത്യ ഫലത്തെ കുറിച്ചുള്ള ബന്ധമാണ്. എന്നാൽ പ്രത്യാശയുടെ കാഴ്ചപ്പാട് നഷ്ടപ്പെടുന്നവർ അവരുടെ വിശ്വാസക്കപ്പൽ താഴ്ത്തികളയും. ഒരാളുടെ വിശ്വസ്തതക്കു ഭംഗം നേരിടുമ്പോൾ അയാൾക്കു ദൈവവുമായുള്ള ബന്ധം നഷ്ടമാകുന്നു. ചിലരുടെ പ്രത്യാശ ക്ഷണഭംഗുരമായ വസ്തുതകളിലാണ്. ലൗകികമായ നേട്ടങ്ങളിൽ ആശവെച്ചു കഴിയുന്നവർ നിരവധിയാണ്. വേറെ ചിലർ രാഷ്ട്രീയ ശക്തിയായി തീരാൻ ഉദ്യമിച്ച് കാത്തിരിക്കുന്നു. കുപ്രചാരത്തിനായി സാഹസികത പ്രവർത്തിച്ച് കാത്തിരിക്കുന്നവരുമുണ്ട്. സൂര്യനു കീഴിലുള്ള എന്തിലും ആശ വെച്ച് കഴിയുന്നവരാണ് മനുഷ്യരിൽ ചുരുക്കം ചിലർ. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അയാളുടെ പ്രത്യാശ നിത്യജീവനാണ്. സ്വർഗ്ഗീയ നഗരത്തിനായി കാത്തിരുന്ന അബ്രഹാമിനെപോലെയാണവർ (എബ്രായർ 11:10–16).

✶

# സോദോമിന്റെ പാപം

## ജോൺ. ജി

ലൗകികമായ നേട്ടങ്ങളിൽ മനുഷ്യരെ എപ്പോഴും കാർന്നു തിന്നുന്ന രോഗമാണല്ലോ പാപം. ഒന്നാം നൂറ്റാണ്ടിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അന്നത്തെ ജാതികൾ അന്യദേവന്മാരെ വണങ്ങിയിരുന്നതു മാത്രമല്ല അവർ എല്ലാ മേഖലകളിലും ദുഷ്ടത നിറഞ്ഞവരായിരുന്നു. സത്യദൈവത്തെ വിശ്വസിക്കുവാൻ അവർ കൂട്ടാക്കിയില്ല. അവർ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ നമസ്കരിച്ചു വന്നു. അതുകൊണ്ടു ദൈവം അവരെ അശുദ്ധിക്കായി അവരുടെ ഹൃദയങ്ങളിലെ മോഹങ്ങൾക്കനുസരിച്ച് ശരീരങ്ങളെ അപമാനത്തിനായി ഏല്പിച്ചു കൊടുത്തു (റോമർ 1:20-24). സ്വയഭോഗം എന്ന തലതിരിഞ്ഞ പാപം ചെയ്യുന്ന അവസ്ഥയിലേക്കു അവർ തരം താണു." അക്കാരണത്താൽ അവർ അന്യോന്യം ആണോടു ആണും പെണ്ണോടു പെണ്ണും അവലക്ഷണമായി പ്രവർത്തിക്കാൻ തുടങ്ങി. പ്രകൃതി വിരുദ്ധമായ ജഢിക മോഹമായിരുന്നു അവരുടേത്. കാമവികാരങ്ങൾക്കു അടിമപ്പെട്ടു ലജ്ജിക്കത്തക്കരീതിയിൽ ആയിതീർന്നു അവരുടെ ജീവിതം. അങ്ങനെ അവരുടെ തെറ്റിന്റെ ശിക്ഷ അവർ അനുഭവിക്കേണ്ടിയിരുന്നു (റോമർ 1:26-27).

സ്വയഭോഗം അത്ര തെറ്റല്ല, പാപമല്ല എന്നൊക്കെ പറയുന്നവർ ഉണ്ട്. ലൈംഗിക ബന്ധത്തിനു എന്താണ് ശരി, ഏതാണ് തെറ്റ് എന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. "അതിനു അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു (മത്തായി 19:4-6).

ഒരേ തരത്തിലുള്ള ലിംഗത്തിൽപ്പെട്ടവർ തമ്മിൽ ലൈംഗിക ബന്ധം പുലർത്തുന്നതിനെ അംഗീകരിക്കുന്ന നാമധേയ വിഭാഗങ്ങളിലെ അദ്ധ്യക്ഷന്മാർ ഉണ്ട്. സ്വയഭോഗത്തെ അവർ സാധാരണ

ജനങ്ങളിൽ അനുവദിക്കുന്നതു കൂടാതെ ചിലരുടെ അദ്ധ്യക്ഷന്മാർ പോലും ഇത്തരം ജീവിതം നയിക്കുന്നവരാണ് എന്നു കേട്ടാലോ എന്തായിരിക്കും സ്ഥിതി? അതു പാപമാണെന്നും അതിൽ നിന്നു തിരിഞ്ഞു മാനസ്സാന്തരപ്പെട്ടു ദൈവ കല്പനകളിൽ ഒതുങ്ങി ജീവിക്കണമെന്നുമാണ് അവരോടു പറയുവാനുള്ളത്. കാരണം ദൈവ സന്നിധിയിൽ അതു പാപമാണ്. പാപം ചെയ്തുകൊണ്ടു ദൈവത്തെ സമ്മതിപ്പിക്കാമെന്നു ആരും കരുതേണ്ട.

തെറ്റും ശരിയും വേർതിരിച്ച് കാണാതെ ആളുകൾ ഇന്നു കലക്കത്തിലാണ്. യെശയ്യാ പ്രവാചകന്റെ കാലത്തിൽ ജീവിച്ചിരുന്ന ആളുകളും അതുപോലെ ആയിരുന്നു. "തിന്മെക്കു നന്മ എന്നും നന്മെക്കു തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പ്പിനെ മധുരവും മധുരത്തെ കയ്പ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20). ചില ആളുകൾ; ചിലതു പാപമല്ലാതാകയില്ല. അതുകൊണ്ടു സ്വയഭോഗം പാപം തന്നെയാണ്. അത്തരം പാപികൾ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ അവർ നിത്യമായി നഷ്ടപ്പെടും എന്നതാണ് വാസ്തവം.

സ്വയഭോഗം ആദ്യമായി പരിശീലിക്കപ്പെട്ട പട്ടണമായിരുന്നു സോദോം. ഉല്പത്തി 19:4-7 വരെയുള്ള വേദഭാഗങ്ങളിൽ ആ പട്ടണത്തിന്റെ വഷളത്വം വിവരിച്ചിട്ടുണ്ട്. ചെറുപ്പക്കാരും പ്രായമായവരും ഒന്നടങ്കം ലോത്തിന്റെ അടുക്കൽ സന്ദർശകരായി വന്നവരെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചു. പഴയ നിയമ കാലയളവിൽ നടന്ന ലജ്ജാകരമായ സംഭവം നടന്നതു തന്നെ എന്നു ഓർമ്മിപ്പിക്കുന്നതാണ് പുതിയ നിയമ പുസ്തക വിവരണങ്ങൾ (മത്തായി 11:23-24; യൂദാ 7; 2 പത്രൊസ് 2:6-8). ഈ തലതിരിഞ്ഞ പട്ടണങ്ങളായ സേദോമിനെയും ഗൊമോറയെയും ദൈവം നശിപ്പിച്ചു. മറ്റു പാപങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കയാണ് (യെശയ്യാവ് 3:9; യിരെമ്യാവ് 23:14; മത്തായി 11:23-24).

സീനായ് പർവ്വതത്തിൽ വെച്ച് ഇസ്രായേൽ ജനത്തിനു ദൈവം നല്കിയ ന്യായപ്രമാണത്തിൽ സ്വവർഗ്ഗരതിനിഷിദ്ധമെന്നു കല്പിച്ചിരിക്കുന്നു. സ്ത്രീ സ്ത്രീയോടും പുരുഷൻ പുരുഷനോടും രതി ക്രിയ നടത്തുന്നതു അവരുടെ ശരീരങ്ങളെ അശുദ്ധമാക്കും (ലേവ്യാപുസ്തകം 18:22-24). സ്ത്രീയോടുകൂടെ ശയിക്കു

ന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം. അവരുടെ രക്തം അവരുടെ മേൽ ഇരിക്കും. (ലേവ്യാപുസ്തകം 20:13). ഇസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുത്; യിസ്രായേൽ പുത്രിമാരിൽ പുരുഷ മൈഥുനക്കാരും ഉണ്ടാകരുത്. വേശ്യയുടെ കൂലിയും നായയുടെ വിലയും നിന്റെ യഹോവയായ ദൈവത്തിന്റെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുത്; ഇവ രണ്ടും നിന്റെ ദൈവമായ യഹോവയ്ക്കു അറെപ്പാകുന്നു. (ആവർത്തന പുസ്തകം 23:17-18). സ്വവർഗ്ഗരതി നടത്തിയിരുന്ന വേശ്യമാരെ വിളിച്ചിരുന്നതു നായ്ക്കൾ എന്നാണ്. നായ്ക്കൾക്കു ദൈവരാജ്യം അവകാശമാക്കാൻ കഴിയുകയില്ല (വെളിപ്പാട് 22:14-15).

അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചു പറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6:9-10). സ്വയഭോഗികൾ രക്ഷിക്കപ്പെടുമോ? ഏതൊരു പാപിക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതു പോലെ അവർക്കും സാധിക്കും (1 തിമൊഥെയൊസ് 2:4) എന്നാൽ അവർ മാനസ്സാന്തരപ്പെട്ട് ദൈവപുത്രനായ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയണം; (റോമർ 10:10, 17; യോഹന്നാൻ 8:24). പിന്നീട് പാപമോചനത്തിനായി സ്നാനം ഏല്ക്കണം (റോമർ 6:1, 4; പ്രവൃത്തി 2:38). കൊരിന്ത്യയിൽ ക്രിസ്ത്യാനികളായി തീർന്നവർ ചിലർ അത്തരക്കാരായിരുന്നു. എന്നാൽ അവർ കഴുകി വിശുദ്ധീകരണം പ്രാപിച്ചു (1 കൊരിന്ത്യർ 6:11).

ആളുകൾ മാറുവാൻ മനസ്സുവെയ്ക്കണം. പാപ സംബന്ധമായ പരിശീലനം ഉപേക്ഷിക്കണം. പാപത്തെ കണ്ടില്ലെന്നു നടിക്കുവാനുള്ള സമ്മർദ്ദമാണ് സമൂഹത്തിൽ നിന്നു ക്രിസ്ത്യാനികൾ നേരിടുന്നത്. അതു ദൈവസന്നിധിയിൽ കുറ്റകരമാണ്. പാപത്തിൽ നിന്നുള്ള മോചനത്തിനുള്ള തിരിച്ചറിവു അനിവാര്യമാണ്. ദൈവത്തെ അനുകരിക്കുകയാണ് എല്ലാവരും ചെയ്യേണ്ടതു. പാപത്തെ ദൈവം വെറു

ക്കുന്നു. അതേ സമയം അതിൽ നിന്നു വിട്ടു തിരിയുമ്പോൾ ദൈവം അങ്ങനെ ഉള്ളവരെ സ്നേഹിക്കും.

# ദൈവത്തോടുള്ള നിരപ്പ്

**ജെ. കെ. ഗോസെറ്റ്**

ഒന്നിലധികം വ്യക്തികൾക്കു തമ്മിൽ ഉണ്ടാകുന്ന വേർപാട് ഒഴിവാക്കേണ്ടതു അത്യാവശ്യമാണ്. വിച്ഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിച്ചില്ലെങ്കിൽ ഇരു പക്ഷത്തിനും സന്തോഷിക്കുവാൻ കഴിയുകയില്ല. ദൈവവും മനുഷ്യരും തമ്മിൽ ഉള്ള ബന്ധത്തിനു ഉലച്ചിൽ തട്ടുന്നത് ഉടമ്പടി ലംഘിക്കുമ്പോഴാണ്. ഭൗതികമായി രണ്ടു പേർ തമ്മിലുള്ള കരാർ നടപ്പാക്കുന്നതിൽ ഒരാൾ വീഴ്ച്ച വരുത്തിയാൽ അതു പ്രശ്നമായി തീരാറുണ്ട്. ദൈവത്തോടുള്ള ബന്ധം സ്ഥിരമായിരിക്കേണ്ടതിനു മനുഷ്യർക്കു ദൈവം കല്പനകൾ കൊടുത്തു. പക്ഷെ അതു പാലിക്കാൻ കൂട്ടാക്കാതെ അവർ ധിക്കരിക്കുന്നു. ഇതാണ് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള പ്രശ്നം. ഈ വിയോജിപ്പ് പരിഹരിക്കുവാൻ ദൈവം മുൻകയ്യെടുക്കുകയാണ് ചെയ്തതു. അതിന്നായി അവൻ ഒരു പദ്ധതി രൂപീകരിച്ചു.

അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഓർപ്പിക്കുന്നതു: ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കയും ദൈവം തന്നെ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, അവൻ നമുക്കു വേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:18–21).

നിരപ്പാക്കുക എന്നതിനർത്ഥം വീണ്ടും സൗഹൃദത്തിലെത്തിക്കുക എന്നതാണ്. മുമ്പേ ദുഷ്ടപ്രവർത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശു

ദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡ ശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. തിന്മ അഥവാ പാപസ്വഭാവം ആണ് മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റിയതു (യെശയ്യാവ് 59:1-8). നിരപ്പിനുശേഷം മനുഷ്യരും ദൈവവും വീണ്ടും സ്നേഹിതന്മാരായി തീർന്നു.

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായതു യേശു ക്രിസ്തു ആണ്. ക്രിസ്തുവിനാലാണ് നമ്മെ ദൈവത്തോടു നിരപ്പിച്ചത്. ദൈവം, ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടു നിരപ്പിച്ചു എന്നാണ് വചനം പറയുന്നത്. ദൈവം ഒരുവൻ മാത്രം. ആ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനും ഏകൻ തന്നെ. യേശു ക്രിസ്തു തന്നെയാണ് മദ്ധ്യസ്ഥൻ (1 തിമൊഥെയൊസ് 2:5). അതിനായി അവന്റെ ശരീരം, രക്തം എന്നിവ നല്കി. ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നതുകൊണ്ടാണ് നമുക്കു ദൈവത്തോടു അടുക്കുവാൻ അവസരം ലഭിച്ചത്. അതു മനുഷ്യർ ആരും മറക്കാതിരിക്കുന്നത് നന്നായിരിക്കും.

അപ്പൊസ്തലന്മാർ എല്ലാവരും സ്ഥാനാപതികളായിരുന്നു. നിരപ്പിന്റെ ശുശ്രൂഷയ്ക്കു അവർ തങ്ങളെത്തന്നെ കർത്താവിനു ഏല്പിച്ചു കൊടുത്തവരായിരുന്നു. ദൈവം മനുഷ്യർക്കു സാദ്ധ്യമാക്കി തീർത്ത നിരപ്പ് പ്രയോജനപ്പെടുത്തുവാൻ ചില നിബന്ധനകൾ ദൈവം ഒരുക്കിയിട്ടുണ്ട്. അതാണ് സുവിശേഷം. രക്ഷിക്കുവാൻ ശക്തമായ ഒന്നാണ് ക്രിസ്തുവിന്റെ സുവിശേഷം(റോമർ 1:16). പാപത്തിനുള്ള ശിക്ഷ അനുഭവിക്കാതിരിക്കുക എന്ന ഭാഗ്യാവസ്ഥ നിസ്സാരമായ ഒന്നല്ല. ജീവനുള്ള ദൈവത്തിന്റെ കോപം ജ്വലിച്ചാൽ മനുഷ്യർ നശിച്ചു പോകും. കർത്താവു മനസ്സലിവുള്ളവനായതു കൊണ്ടു അവന്റെ കരുണ നമുക്കു ലഭ്യമായി. അവൻ നമുക്കു വേണ്ടി മരണം സ്വയമായി ഏറ്റെടുത്തിട്ടില്ലായിരുന്നെങ്കിൽ നമുക്കു ദൈവത്തോടു ബന്ധപ്പെടുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് അവൻ ഏകവഴിയായി തീർന്നതു. ആത്മീയ ജീവൻ ക്രിസ്തു മുഖാന്തരമാണ് മനുഷ്യർക്കു കിട്ടുന്നത്. ഏതൊരു വ്യക്തിക്കും വളരെ എളുപ്പം ദൈവ സന്നിധിയിൽ പ്രവേശിക്കാൻ കഴിയുന്നതു ക്രിസ്തു നിമിത്തമാണ്. വിയോജിപ്പ് നമ്മെ വേദനിപ്പിക്കുന്നെങ്കിൽ യോജിപ്പ് നമ്മെ സന്തുഷ്ടരാക്കും.

യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്ന പ്രാർത്ഥനയിൽ കർത്താവ് അപേക്ഷിക്കുവാൻ പറയുന്നത് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്നാണ്. അതിന്റെ അർത്ഥം സ്വർഗ്ഗീയമായ താല്പര്യം ഭൂമിയിൽ ഉള്ള മനുഷ്യരിൽ ഉണ്ടാകണമെന്നാണ്. അതിനായിട്ടാണ് ദൈവം തന്റെ പുത്രനെ അയച്ചതും. അവൻ ചെയ്തതൊക്കെയും വിശുദ്ധനായ ദൈവവുമായി ആ പദ്ധതി. മുഖാന്തരം നമുക്ക് ദൈവത്തോടടുക്കാം.

✱

സ്ത്രീകൾക്കു വേണ്ടി

# സഭയുടെ വളർച്ച

## ബെറ്റി ബർട്ടൻ ചോട്ട്

വർഷങ്ങൾ പിന്നിട്ടു കൊണ്ടിരിക്കുമ്പോൾ സഭയിൽ നല്ല കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ബാന്ദ്ര ഇടവകയിലെ അംഗങ്ങൾ പണം സ്വരൂപിക്കയും തികയാതെ വന്നതു കടമെടുത്തു സ്വന്തമായി ഒരു ആരാധനാലയം പണിയുകയുണ്ടായി. സഭയിൽ അംഗസംഖ്യ വർദ്ധിക്കുന്നതോടെ ആളുകൾക്കു ഇരിക്കുവാനുള്ള സൗകര്യവും ഉണ്ടായി. ഇപ്പോൾ തന്നെ ഏതാണ്ട് മുന്നൂറിൽ അധികം അംഗങ്ങൾ അവിടെയുണ്ട്. ഏതാനും കുടുംബങ്ങൾ പട്ടണം വിട്ടു പോയപ്പോൾ, അവർ പോയ സ്ഥലങ്ങളിൽ കൂടി വരവ് ആരംഭിച്ചു. അങ്ങനെ ആ പ്രദേശങ്ങളിലും കർത്താവിന്റെ സഭ വളർന്നു വരാൻ തുടങ്ങി. സഭയുടെ ശ്രദ്ധ വിവിധ സ്ഥലങ്ങളിലേക്കു തിരിയാൻ തുടങ്ങി. ബാന്ദ്രയിലെ സഭ സ്വയം പര്യാപ്തതയിലേക്കും സുവിശേഷം എത്തിക്കുവാനും വളർന്നു കഴിഞ്ഞു. എന്നർത്ഥം, അംഗങ്ങൾ ചേർന്നു കെട്ടിടത്തിനും മറ്റു പണം ശേഖരിക്കാറായി. സഭയുടെ പ്രവർത്തികൾ ആ പ്രദേശത്തുള്ളവർ തന്നെ ചെയ്യുവാൻ അവർ പരിശീലിച്ചിരുന്നു. ഇതു മറ്റു പ്രദേശങ്ങളിലെ പ്രാദേശിക സഭകൾക്കു ഉത്തേജനം പകരുന്നു.

മാസത്തിലൊരിക്കൽ എല്ലാ അംഗങ്ങളും ഒത്തൊരുമിച്ച് പ്രത്യേകമായ മീറ്റിങ്ങുകൾ സംഘടിപ്പിക്കും. അതിലേക്കു ആളുകളെ ക്ഷണി

ക്കുന്നതിനു അവർ എല്ലാവരും കയറി ഇറങ്ങി സന്ദർശിക്കും. ലഘുലേഖകൾ, പുസ്തകങ്ങൾ, മാസികകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യും. പല പ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോൾ ആ പ്രദേശത്തുള്ള എല്ലാവരിലേക്കും സത്യം എത്തിക്കുന്നതിനു സഹായകരമാകും. പാട്ട്, പ്രാർത്ഥന, പ്രസംഗം എന്നിവയ്ക്കുശേഷം സന്ദർശകരായി വന്നിട്ടുള്ളവരെ പ്രത്യേകം ശ്രദ്ധിക്കുകയും അവരുമായി കൂട്ടായ്മയുടെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യും. ചിലപ്പോൾ ലഘു ഭക്ഷണവും ഒത്തൊരുമിച്ച് കഴിക്കാറുണ്ട്. സുവിശേഷം എല്ലാവരിലേക്കും എത്തിക്കുന്നതിനുള്ള നല്ല ഉപാധിയായി തീർന്നിട്ടുണ്ട് ഇത്. ആളുകളെ പരസ്പരം അറിയാനും അവരുടെ പ്രശ്നങ്ങൾ കൂട്ടായ പരിഹാര ശ്രമം നടത്തിയത് ആത്മീയ ബന്ധത്തെയാണ് കാണിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ അംഗസംഖ്യ വർദ്ധനവിനും ആത്മിക വർദ്ധനവിനും ഇടയാകും.

"ഇതു നമ്മെ ഉണർത്തുന്നതല്ലേ" റെയിച്ചൽ ആൻഡ്രുവിനോടു ചോദിച്ചു. സുദോത്ത് എന്ന സ്ഥലത്തെ മീറ്റിങ്ങിനുശേഷം തിരിച്ചു പോകുമ്പോഴായിരുന്നു ആ ചോദ്യം. 'അതെ' എന്നു ആൻഡ്രു ഉത്തരം പറഞ്ഞു. കർത്താവിന്റെ സഭ എത്രത്തോളം വളർന്നിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും അവരുടെ മക്കളും. ഇതു നമ്മിൽ ആവേശം തന്നെയാണ് ഉണർത്തുന്നതു എന്നു പറഞ്ഞു.

നമ്മുടെ ജീവിതത്തിനു അർത്ഥവും ഗൗരവും കൊണ്ടു വന്നതു തിമൊഥിയാണല്ലോ. അവനു നാം നന്ദിയുള്ളവരാകണം. അല്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതം തന്നെ പാഴാകുമായിരുന്നു. ആരോഗ്യവും ഊർജ്ജവുമെല്ലാം വർഷങ്ങളോളം നാം പാഴാക്കുകയായിരുന്നില്ലേ? ഭൗതികമായ ഈ നേട്ടങ്ങൾ ഒക്കെയും വെന്തു പോകുവാനുള്ളതാകകൊണ്ടു അതിനെ കുറിച്ച് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. തന്നെയുമല്ല നമ്മുടെ ആത്മാക്കൾ കഷ്ടിച്ചു രക്ഷപ്പെടുകയാണുണ്ടായതു എന്നു പറയാം.

"ഇന്നലെ രാത്രി അവൻ എന്നോടു ചോദിച്ചു, ഡാഡീ എനിക്കു സുവിശേഷം അനുസരിക്കാൻ പ്രായമായോ" എന്നു. എനിക്കു തോന്നുന്നു അവൻ കുട്ടിതന്നെയാണെന്നാണ്. എങ്കിലും അവനു പതിനാലു വയസ്സു പ്രായമായി. അവൻ ആ സമർപ്പണം കഴിവതും

വേഗത്തിൽ എടുക്കും എന്നെനിക്ക് അറിയാം. അധികം താമസി ക്കാതെ ടൈറ്റസും ദൈവത്തെ അനുസരിക്കും.

✶

## നിങ്ങൾക്ക് ഒരു വിലയുണ്ടോ?

**ജിം ജിലോസ്പി**

എന്താണ് മനുഷ്യരുടെ വില? നമ്മെ വില കൊടുത്തു വാങ്ങി യിരിക്കയാൽ നാം നമുക്കുള്ളവരല്ല. ആകയാൽ ശരീരം കൊണ്ടും ആത്മാവുകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുക (1 കൊരിന്ത്യർ 6:20). അപ്പൊസ്തലനായ പൗലൊസ് അവിടെ പറഞ്ഞിരിക്കുന്നതു ക്രിസ്തു ക്രൂശിൽ നമുക്കു വേണ്ടി കൊടുത്ത വിലയാണ്. മറ്റു ചില രേയും വില കൊടുത്തു വാങ്ങിയതായി കഴിഞ്ഞയാഴ്ച്ച ഞാൻ വായി ക്കാനിടയായി. ആ വിവരം ദയവായി ശ്രദ്ധിക്കുക. ആനുകാലിക സംഭവങ്ങൾ പലതും നമ്മുടെ ചിന്തകളെ ഉണർത്തുന്നുണ്ട്.

കഴിഞ്ഞ ദിവസത്തെ ഒരു പത്രവാർത്ത ഒരു പ്രത്യേക സംഭ വത്തെ പുറത്തുകൊണ്ടു വന്നു. മേരിലാന്റ് എന്ന സ്ഥലത്തുള്ള ഒരു നാമധേയ വിഭാഗം അവരുടെ 75 മിനിറ്റു നീണ്ടു നില്ക്കുന്ന ആരാധനയിൽ പങ്കെടുക്കുന്നവർക്കു പത്തു ഡോളർ സംഭാവന നല്കുമെന്നു വാഗ്ദാനം ചെയ്തു. അടുത്ത ഞായറാഴ്ച്ച സാധാരണ യിൽ കവിഞ്ഞ് 125 പേർ സന്നിഹിതരായി എന്നാണ് കണക്ക്. ആരാ ധനയോടൊപ്പം ഒരു സംഗീത വിരുന്നും ആ സമയത്ത് സംഘടിപ്പി ച്ചിരുന്നു. അതു വായിച്ചപ്പോൾ ആദ്യം എനിക്ക് വിശ്വസിക്കാൻ പ്രയാസം നേരിട്ടു. ആളുകൾ റേഡിയോയിലും ടെലിവിഷനിലും തങ്ങൾക്കു എന്താണുള്ളത് എന്നു നോക്കികൊണ്ടിരിക്കുന്ന കാല യളവാണല്ലൊ. സൗജന്യം എവിടെയുണ്ടെന്നു കേൾക്കുന്നുവോ അവിടേക്കു ചിലർ ഒഴുകുന്നു എന്നതു മനസ്സിൽ കൂടെ കടന്നുപോ യപ്പോൾ ഇതും യാഥാർത്ഥ്യമായിരിക്കും എന്നു തോന്നി. പിന്നീട് ഞാൻ ആ സംഭവത്തെ കുറിച്ചു കൂടുതലായി ചിന്തിക്കാൻ തുടങ്ങി. അഗാധമായി ഞാൻ അതിലേക്ക് ഇറങ്ങി ചെന്നപ്പോൾ വളരെ രസ കരമായ കാര്യങ്ങൾ പുറത്തു വരുന്നതായി കാണാൻ കഴിയുന്നു.

അതിനെ കുറിച്ചു കൂടുതൽ ചിന്തിക്കുന്തോറും അതിശയകരമായ പലതും മനസിൽ തെളിഞ്ഞു വന്നു. 10 ഡോളറിനു പകരം 100 ഡോളർ കൊടുത്താൽ എന്തായിരിക്കും ഫലം? അപ്പോൾ എത്ര പേർ ആരാധനയ്ക്ക് സംബന്ധിക്കും? സഭയിലെ അംഗങ്ങൾക്ക് എല്ലാം ഒരു നിശ്ചിതതുക ആരാധനയ്ക്കു വരുന്നതിനായി നല്കിയാൽ എന്തായിരിക്കും സ്ഥിതി? അങ്ങനെയായാൽ നിങ്ങളുടെ ഹാജർനില ഉയരുമോ? ആരാധന മുടങ്ങുന്ന ദിവസത്തിലെ അമ്പതു ഡോളറോ നൂറു ഡോളറോ നഷ്ടപ്പെട്ടാലോ? നിസാര രോഗത്താലോ, അതിഥി വന്നതിന്റെ പേരിലോ മുടങ്ങികൊണ്ടിരിക്കുന്നതു കുറയുമോ? അതോ ഇങ്ങനെയൊക്കെ നല്കിയാലും അങ്ങനെയുള്ളവരുടെ സഭായോഗം മുടക്കൽ വരുത്തുമോ? ഒരു ത്യാഗത്തിന്റെ ഫലമായി ആരംഭിച്ചതാണല്ലൊ ക്രിസ്ത്യാനിത്വം (യോഹന്നാൻ 15:13). സ്വർഗ്ഗത്തിലെ ദൈവിക സമത്വം സ്വയമായി ഉപേക്ഷിച്ചു ഭൂമിയിലേക്കു വന്നതാണ് യേശു. ശാരീരിക ജീവിതവും തുടർന്നു അനുഭവിച്ച കഷ്ടതകളും അവസാനമായി മരണവും സഹിക്കയായിരുന്നു. പാപങ്ങൾക്കുള്ള മറുവിലയായി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവ പുത്രനെയാണ് അവനിൽ ദർശിക്കുന്നത്. നമ്മുടെ അകൃത്യങ്ങൾ നിമിത്തം മുറിവേറ്റ അവന്റെ ശരീരം നമ്മുടെ പാപങ്ങൾ വഹിച്ചു കൊണ്ട് സ്വയമായി മരക്കുരിശിൽ ഏല്പിച്ചു കൊടുത്തു. നാം പാപസംബന്ധമായി മരിച്ചു നീതി സംബന്ധമായി ജീവിക്കേണ്ടതിനു തന്നെ. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം കിട്ടി (1 പത്രൊസ് 2:24). പാപം എന്തെന്നറിയാത്തവനെ നമുക്കു വേണ്ടി പാപം ആക്കി. നാം അവനിൽ ദൈവ നീതി ആകേണ്ടതിനു തന്നെ എന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു. തന്നെ അനുഗമിക്കുന്നവർ എങ്ങനെയുള്ളവർ ആയിരിക്കുമെന്നു കർത്താവ് സൂചിപ്പിക്കയുണ്ടായി. ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നാണ് കർത്താവ് പറയുന്നത്. നമുക്കു ദൈവത്തോടുള്ള ബന്ധം എങ്ങനെയുള്ളതാണെന്നു നമ്മുടെ പ്രവൃത്തികൾ തെളിയിക്കുന്നു.

ഒരാൾക്ക് നൂറു ആടുണ്ടെന്നിരിക്കെ ഒന്നു കാണാതെ പോയാൽ ബാക്കിയുള്ള 99 ആടിനെയും വിട്ടിട്ടു കാണാതെപോയ ഒന്നിനെ

തേടി പുറപ്പെടുന്നു. നഷ്ടപ്പെടുന്നതിന്റെ വേദന അറിയാവുന്ന നല്ല ഇടയൻ ആത്മാക്കൾ നഷ്ടപ്പെട്ടു പോകുന്നതിൽ ദുഃഖിതനായിരുന്നതുകൊണ്ടാണ് അവൻ ത്യാഗം സഹിച്ചതു. ശത്രുവിന്റെ കയ്യിൽ നിന്നു നമ്മെ വീണ്ടെടുക്കുവാൻ അവൻ കൊടുത്ത മറുവില, തന്റെ സ്വന്ത ശരീരവും രക്തവുമാണ്. നമ്മുടെ വില അറിയാവുന്ന ഒരേ ഒരാൾ നമുക്കു വേണ്ടി മരിച്ചു. ഒരാത്മാവിന്റെ വില ഈ പ്രപഞ്ചത്തെക്കാൾ വലുതാണ്. അതുകൊണ്ടാണ് നമ്മുടെ രക്ഷകൻ അരുളിച്ചെയ്തതു: ഒരുത്തൻ ഈ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കി മനുഷ്യന്റെ വില ഗണ്യമാക്കാതെ ലൗകികതയിൽ മനുഷ്യനെ പിശാച് അന്ധമാക്കിയിരിക്കയാണ്. അവരുടെ ഉൾക്കണ്ണു തുറക്കുവാൻ ദൈവിക പരിജ്ഞാനത്തിനു മാത്രമെ കഴിയൂ.

ക്രിസ്തീയ ജീവിതം എന്നതു സേവനത്തിന്റെയും ത്യാഗത്തിന്റെയും ജീവിതമാണ്. ദൈവം നമുക്കു ചെയ്ത ഉപകാരങ്ങൾക്കു നമ്മിൽ നിന്നു ദൈവം ആഗ്രഹിക്കുന്ന പുകഴ്ച്ചയും സ്തുതിയും ആരാധനയുടെ മഹത്വവും മറ്റും നാം ഉപേക്ഷയായി വിചാരിക്കരുത്.

## യഥാർത്ഥ മാനസാന്തരം

### ബ്രയൻ കെനിയോൻ

ക്രിസ്തീയ ജീവിതം അതനുസരിക്കാൻ ഭാരമേറിയതെന്നു പറഞ്ഞു കേൾക്കാവുന്ന ഒരു കല്പനയാണ് മാനസാന്തരം എന്നത്. വളരെയധികം പ്രസംഗിക്കപ്പെടുന്ന വിഷയവും മാനസാന്തരം എന്നതാണ്. ഒരാളുടെ മനസിനെയും ജീവിതത്തെയും മാറ്റം വരുത്തുക അത്ര എളുപ്പമല്ല. വാസ്തവത്തിലുള്ള മാനസാന്തരം എന്താണെന്നു ഉദാഹരണ സഹിതം മനസ്സിലാക്കി തരുന്ന ധാരാളം വേദഭാഗങ്ങൾ ഉണ്ട്. എന്നാൽ ഈ ലേഖനത്തിൽ നമുക്കു കൊരിന്ത്യ ലേഖനത്തെ അടിസ്ഥാനമാക്കി ചിന്തിക്കാം. കൊരിന്ത്യർക്കു ആദ്യത്തെ ലേഖനം എഴുതിയപ്പോൾ അവിടെ ധാരാളം പ്രശ്നങ്ങൾ ഉണ്ടായതായി പറയുന്നു. അവയെ എങ്ങനെ പരിഹരിക്കണം എന്നും നിർദ്ദേശിക്കുകയുണ്ടായി. ഏതാണ്ട് 6 മാസങ്ങൾക്കുശേഷം രണ്ടാമത്തെ ലേഖനം എഴുതുമ്പോൾ പൗലൊസ് ഉപയോഗിക്കുന്ന വാചക ഘടനയിൽ

മാറ്റം സംഭവിക്കുന്നുണ്ട്. സന്തോഷത്തോടു കൂടി പൗലൊസ് എഴുതുവാൻ ഇടയാക്കിയ കാരണം അവർ മാനസ്സാന്തരപ്പെട്ടു എന്നതാണ്. വാസ്തവത്തിലുള്ള മാനസാന്തരം ആവശ്യപ്പെടുന്നതെന്തെന്ന് കൊരിന്ത്യ ലേഖനത്തിൽ നിന്നു നമുക്ക് പഠിക്കാം.

ഒന്ന്, ശരിയായ മാനസാന്തരത്തിനു പാപത്തിന്റെ സ്വഭാവവും അനന്തരഫലവും തിരിച്ചറിയേണ്ടത് ആവശ്യമാണ്. "ഞാൻ ലേഖനത്താൽ നിങ്ങളെ ദു:ഖിപ്പിച്ചു എങ്കിലും ഞാൻ അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറെ നേരത്തേക്കെങ്കിലും ദു:ഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ടു മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദു:ഖിച്ചതിനാൽ തന്നെ. നിങ്ങൾക്കു അങ്ങനെ ഒന്നിലും ചേതം വരാതെ വണ്ണം ദൈവഹിത പ്രകാരമല്ലൊ നിങ്ങൾ ദു:ഖിച്ചത് (2 കൊരിന്ത്യർ 7:8-9). പൗലൊസ് തന്റെ ഒന്നാം ലേഖനത്തിൽ കൊരിന്ത്യരുടെ പാപത്തിന്റെ സ്വഭാവത്തെയും അതിന്റെ ഫലമായി ഉണ്ടാകാനിടയുള്ള ശിക്ഷയും അവരെ ഓർമ്മിപ്പിച്ചു. അവരുടെ പാപത്തെ സംബന്ധിച്ച് വിവരിക്കുന്നതു 1 കൊരിന്ത്യർ 5:11-13 വരെയുള്ള ഭാഗത്താണ്. ഈ എതിർപ്പു മൂലം കൊരിന്ത്യർ ദു:ഖിക്കയും മാനസ്സാന്തരപ്പെടുകയും ചെയ്തു. പൗലൊസ് തന്റെ ലേഖനത്തിൽ എന്ത് ഉദ്ദേശിച്ചുവോ ആ ഫലം കിട്ടിയതുകൊണ്ടു അവന്നു ദു:ഖമുണ്ടായില്ല. പൗലൊസ് അവരുടെ കുറ്റങ്ങളും ഫലങ്ങളും എഴുതി അറിയിച്ചില്ലായിരുന്നെങ്കിൽ അവർ ദു:ഖിക്കുകയോ മാനസാന്തരപ്പെടുകയോ ചെയ്യുമായിരുന്നില്ല.

നാം വാസ്തവത്തിൽ മാനസ്സാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ പാപത്തെയും അതിന്റെ സ്വഭാവത്തെയും ദൂഷ്യഫലങ്ങളേയും തിരിച്ചറിയണം. പാപത്തിന്റെ ഫലം ആത്മിയവും വരുന്നതു ദൈവത്തിൽ നിന്നുമാണ്. (യെശയ്യാവ് 59:1-2; യെഹസ്ക്കേൽ 18:20; റോമർ 6:23). ആകയാൽ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു പറഞ്ഞിട്ടുള്ളതിൽ അത്ഭുതപ്പെടാനേ ഇല്ല (ലൂക്കൊസ് 13:3).

രണ്ടു, യഥാർത്ഥ മാനസാന്തരത്തിനു ദൈവഹിത പ്രകാരമായ ദു:ഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു (2 കൊരിന്ത്യർ 7:10). ലോക പ്രകാരമുള്ള ദുഃഖം ഒരിക്കലും

മാനസ്സാന്തരമല്ല പുറപ്പെടുവിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം ബോധ്യമായതുകൊണ്ടുള്ള ദു:ഖമാണ് ആത്മിയമായി പ്രയോജനപ്പെടുത്തുന്നത്. "ദോഷം അകറ്റി നടക്കുന്നതു നേരുള്ളവരുടെ പെരുവഴി. തന്റെ വഴി സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കാത്തുകൊള്ളുന്നു" (സദൃശവാക്യങ്ങൾ 6:7). ദൈവം പാപത്തെ വെറുക്കുന്നു (സദൃശവാക്യങ്ങൾ 6:17-19). അതുകൊണ്ടു നാമും പാപത്തെ വെറുക്കണം (സങ്കീർത്തനം 119:104). പാപം നമ്മുടെ ഹൃദയത്തിൽ കടന്നാൽ ക്ഷമാപണം കൂടിയേ തീരു. അല്ലെങ്കിൽ നാം ദൈവ കോപത്തിനിരയാകും (മത്തായി 5:3-4). ദൈവത്തിന്റെ ഇച്ഛ എന്തെന്നറിഞ്ഞു ദു:ഖിക്കുന്നവർക്കു പ്രതിഫലമുണ്ട്. അതു അവരുടെ രക്ഷയിലേക്ക് നയിക്കുന്നു. വെറും ദു:ഖവും മാനസാന്തരവും തമ്മിൽ വ്യത്യാസമുണ്ട്. മാനസ്സാന്തരപ്പെടാതെ തന്നെ ഒരാൾക്കു അനുതപിക്കാൻ കഴിയും. സ്വന്തം ഇഷ്ടത്തെ മാറ്റി നിർത്തി ചെയ്തുപോയ തെറ്റുകൾ മേലിൽ ഉണ്ടാകാത്ത വിധം തീരുമാനിക്കയും ജീവിതത്തിൽ ഒരു നവോത്ഥാനം ഉണ്ടാകുകയും ചെയ്യണം (ലൂക്കൊസ് 15:17,20). പിടിക്കപ്പെടുമ്പോൾ ദു:ഖിക്കയും ക്ഷമായാചനം നടത്തുകയും ചെയ്യുന്നവരുമുണ്ട്. പക്ഷെ അതൊന്നും ശരിയായ മാനസ്സാന്തരമാകുന്നില്ല.

മൂന്ന്, യഥാർത്ഥ മാനസാന്തരത്തിനു ജീവിതത്തിൽ ഒരു നവോത്ഥാനം ആവശ്യമാണ്. "ദൈവഹിത പ്രകാരം നിങ്ങൾക്കുണ്ടായ ഈ ദു:ഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു; ഈ കാര്യത്തിൽ നിങ്ങൾ നിർമ്മലന്മാർ എന്നു എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു" (2 കൊരിന്ത്യർ 7:11). കൊരിന്ത്യർക്കു മാറ്റം സംഭവിച്ചു അവരുടെ ശ്രദ്ധ ഇപ്പോൾ ഉത്സാഹത്തിലായി മാറി. ഒരിക്കൽ അവർ പാപത്തെ അനുവദിച്ചിരുന്നെങ്കിൽ, പൗലൊസ് അവരെ പ്രബോധിപ്പിച്ചതുകൊണ്ട് അവർ തങ്ങളെ ശുദ്ധീകരിക്കാൻ ദൈവത്തിനു ഏല്പിച്ചു കൊടുത്തു.

നിങ്ങൾ വാസ്തവത്തിൽ മാനസാന്തരപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ മനസു പുതുക്കി രൂപാന്തരപ്പെടുക. മാനസാന്തരപ്പെട്ടില്ലെങ്കിൽ നിശമാണ് ഫലം എന്ന കാര്യം മറക്കരുത്.

✶

# കർത്താവിന്റെ നാമത്തിൽ

## ജെറി മനാസ്കോ

ക്രിസ്ത്യാനികൾക്കറിയാം അവർ എന്തു ചെയ്താലും അതു കർത്താവിന്റെ നാമത്തിലാണ് ചെയ്യേണ്ടതെന്ന് (കൊലൊസ്യർ 3:17). കർത്താവിന്റെ നാമത്തിൽ എന്ന പ്രയോഗം ഇന്നു സർവ്വ സാധാരണയായി ഉപയോഗിക്കുന്നവരുമുണ്ട്. ചിലപ്പോൾ കർത്താവിനു ദൂഷ്യമായും അതു വരുത്തി തീർക്കാറുണ്ട്.

### ഒരു ആചാരവ്യവസ്ഥയല്ല

ഒരാൾ അനുഷ്ഠിക്കേണ്ട വെറും ഒരു ചടങ്ങായ ഒന്നല്ല കർത്താവിന്റെ നാമത്തിൽ എന്നത്. ആരാധനാ മദ്ധ്യേ ഭക്തിക്കു കൊഴുപ്പു കൂട്ടുവാൻ ഉപയോഗിക്കുന്ന പദപ്രയോഗവുമല്ല അത്. കർത്താവിന്റെ നാമത്തിൽ എന്നു നാം പറയുമ്പോൾ ദൈവാധികാരത്തെയും അംഗീകാരത്തെയും ആണ് വെളിപ്പെടുത്തുന്നത്. നാം പറയുകയോ ചെയ്യുകയോ ചെയ്യുന്ന കാര്യങ്ങൾ വചനാനുസരണമല്ലെങ്കിൽ കർത്താവിന്റെ നാമത്തിൽ എന്നു പറഞ്ഞാലും ഫലമില്ല. നിയമ വിരുദ്ധമായി ഈ പദം ഉപയോഗിക്കാവുന്നതല്ല. പരമോന്നത അധികാരത്തെ ആദരിക്കുന്നവരായ നാം ദുരുപയോഗപ്പെടുത്തുകയില്ല.

കർത്താവിന്റെ നാമത്തിൽ അനവധി കാര്യങ്ങൾ പലഘട്ടങ്ങളായി നടത്തിയവരുണ്ട്. അതു കർത്താവു മുൻകൂട്ടി അറിയിച്ചിട്ടുമുണ്ട്. അവരെ വിശ്വസിക്കരുതെന്നും പരിശോധിക്കണമെന്നും കർത്താവ് അരുളി ചെയ്തിട്ടുണ്ട്. കർത്താവിന്റെ നാമത്തിൽ പലരും അത്ഭുതങ്ങൾ നടത്തുന്നുണ്ട്. ഇതു മുന്നറിയിച്ചിട്ടുള്ള കാര്യമാണ്. (മത്തായി 7:22). കർത്താവിന്റെ നാമത്തിൽ ചെയ്യുന്ന നിരവധി കുറ്റകൃത്യങ്ങൾ ഉണ്ട്. ആ വിശുദ്ധനാമത്തെ എടുത്തു ന്യായീകരിച്ചു കൊണ്ടു ചെയ്യുന്ന ഈ പ്രവൃത്തികളൊന്നും ദൈവഹിത പ്രകാരമുള്ളതല്ല. മതപരമായ തെറ്റുകളെല്ലാം മനുഷ്യരാൽ കണ്ടുപിടിക്കപ്പെട്ടതാണ്. കർത്താവിന്റെ നാമത്തിനു ദോഷം വരുത്തുന്ന ദുരുപദേശങ്ങൾ മാത്രം സംസാരിക്കയും അപ്പൊസ്തലന്മാരെ സകല

സത്യത്തിലും വഴി നടത്തിയ പരിശുദ്ധാത്മാവിനു വിരുദ്ധമായിട്ടു മാണ് അവർ നീങ്ങുന്നത് (യോഹന്നാൻ 16:13;1 യോഹന്നാൻ 4:1-6).

സകലപാപത്തിന്റെയും മറയായി കർത്താവിന്റെ നാമം എടുത്തു പ്രയോഗിക്കുന്നത് മതപരമായും ധാർമ്മികപരമായും തെറ്റുതന്നെ യാണ്. പാപത്തെ സ്നേഹിച്ചുകൊണ്ടു പാപത്തിൽ മുഴുകി ജീവി ക്കുന്നവർ ഒഴിവുകഴിവിനായി എടുക്കുന്നത് കർത്താവിന്റെ നാമ ത്തെയാണ്. കർത്താവു വെള്ളം വീഞ്ഞാക്കി മാറ്റിയതു കൊണ്ട് മദ്യപിക്കുന്നത് തെറ്റല്ല എന്ന ന്യായീകരണം ചിലർ എടുക്കുന്നു. കർത്താവ് കൃപാലുവായതുകൊണ്ടു എങ്ങനെ ജീവിച്ചാലും കുഴപ്പ മില്ല എന്നു വാദിക്കുന്നവരുണ്ട്. ഇതും കർത്താവിന്റെ അധികാരത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതാണ്. ഇന്നത്തെ പുരോഹിതന്മാരും ബിഷപ്പുമാരും അവരുടെ മതപരമായ ആചാരങ്ങളും കർത്താവിന്റെ നാമത്തിലാണ് ചെയ്യുന്നത്. ഇതെല്ലാം കർത്താവിന്റെ നാമത്തെ അപ മാനിക്കുന്നതിനു തുല്യമാണ്. പാപത്തെ ന്യായീകരിക്കുന്നവനല്ല കർത്താവ്. പാപത്തെ ക്ഷമിക്കുന്നവനാണ്. പക്ഷെ ക്രിസ്തുവിന്റെ അധികാരത്തെ മാനിക്കുകയും നിബന്ധനകൾ പാലിക്കപ്പെടുകയും ചെയ്യുന്നവർക്കാണ് അത് പ്രയോജനപ്പെടുന്നത്.

### തെറ്റിനെ ശരിയാക്കാൻ സാദ്ധ്യമല്ല

ബൈബിളിനോടു അല്പമെങ്കിലും ആദരവുള്ളവർ എല്ലാവരും അതിൽ പ്രതിപാദിച്ചിരിക്കുന്ന ധാർമ്മിക സത്യങ്ങളെ തിരിച്ചറിയും. മതപരമായ കാര്യങ്ങളിൽ അതു വാസ്തവമല്ലേ? ഓരോരുത്തരും താന്താന്റെ മതപരമായ പൈതൃകാവകാശത്തെ ബൈബിളുമായി ഒത്തുനോക്കി പരിശോധിക്കണം നാമധേയ വിഭാഗങ്ങളെ ഒരിക്കലും യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. കർത്താവിന്റെ നാമത്തിൽ വേദപുസ്തകത്തോടു കൂട്ടിച്ചേർക്കയോ എന്തെങ്കിലും അതിൽ നിന്നു എടുത്തു കളയുകയോ ചെയ്താൽ ദൈവം അതു സ്വീകരിക്കയില്ല. യേശു പറഞ്ഞതു: ഞാൻ എന്റെ സഭയെ പണിയും എന്നാണ് (മത്തായി 16:18). ആ സഭ കർത്താവിന്റെ ശരീരമാണ്. കർത്താവിനു ആ ശരീരം മാത്രമേയുള്ളു (എഫെസ്യർ 4:4). മനുഷ്യ നിർമ്മിതമായ സഭയിൽ അംഗത്വം ഉണ്ടെന്ന് ന്യായീകരിച്ച് ദൈവത്തെ അംഗീകരിക്കാമെന്ന് കരുതരുത്. പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതു കളയും (മത്തായി 15:13-14).

കർത്താവിന്റെ നാമത്തിൽ ചെയ്യുന്നു എന്നു പറയുന്നതെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. മതപരമായ പരിശീലനം ആയാൽ പോലും അതു വാസ്തവമാണ്. ശിശു സ്നാനം തിരുവെഴുത്ത് ആധാരമായിട്ടുള്ളതല്ല എന്ന ഒറ്റക്കാരണത്താൽ നമുക്ക് തള്ളിക്കളയാവുന്നതാണ്. ബൈബിളിൽ അധികാരപ്പെടുത്താത്തത് ദൈവം ഒരിക്കലും അംഗീകരിക്കുന്നതല്ല. പുതിയ നിയമത്തിൽ സ്നാനമേല്ക്കേണ്ടവർ വിശ്വസിച്ചവരാണ് (മർക്കൊസ് 16:16; പ്രവൃത്തി 8:12,13,18 8). ഒരു കുട്ടിയിന്മേൽ വെള്ളം തളിക്കുകയോ കോരി ഒഴിക്കുകയോ ചെയ്തതു കൊണ്ട് കർത്താവിന്റെ നാമത്തിൽ ആയാലും അതു സ്വർഗ്ഗീയ കോടതിയിൽ നീതീകരിക്കപ്പെടുന്നില്ല. അധികാരമില്ലാത്തയാതൊന്നും നാം ദൈവത്തിന്റെ പേരിൽ ചെയ്യരുത്.

### പദപ്രയോഗം ശരിയായി ഉപയോഗിക്കുക

ക്രിയാത്മക വശത്തിൽ നോക്കിയാൽ കർത്താവിന്റെ നാമത്തിൽ ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ട്. ജനങ്ങളിൽ രോഗികളായിരുന്നവർ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചിരുന്നത് കർത്താവിന്റെ നാമത്തിൽ ആയിരുന്നു. പിറവിയിലേ മുടന്തനായിരുന്ന ഒരാളെ പത്രൊസും യോഹന്നാനും ദൈവാലയ ഗോപുരത്തിൽ വെച്ചു സൗഖ്യമാക്കി (പ്രവൃത്തി 3:1-12; 4:9-10). ആ നാമത്തിനു പ്രത്യേക മാന്ത്രിക ശക്തിയോ മതപരമായ സിദ്ധാന്തമോ ഉണ്ടെന്നല്ല വ്യക്തമാക്കുന്നത്. പ്രത്യേകിച്ച് ശക്തിയും ദൈവാധികാരവും ആ നാമത്തിനുണ്ട് എന്നതാണ് സത്യം. ആ രോഗി സൗഖ്യമായത് അപ്പൊസ്തലന്മാരുടെ കഴിവോ ശക്തിയോ കൊണ്ടല്ല. യേശുക്രിസ്തുവാണ് സൗഖ്യമാക്കിയത്. ദൈവവചനമാണ് അവർ സംസാരിക്കുന്നത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ക്രിസ്തു അവർക്ക് അത്ഭുത ശക്തി പ്രദാനം ചെയ്തിരുന്നു (മർക്കൊസ് 16:17-20; പ്രവൃത്തി 16:18; ലൂക്കൊസ് 10:17). കർത്താവിന്റെ നാമത്തിൽ എന്ന പദപ്രയോഗം ഒരു സൂത്രവാക്യമല്ല, അധികാരത്തെ സൂചിപ്പിക്കുന്നതിനുള്ള പ്രസ്താവനയാണ്.

കർത്താവിന്റെ നാമത്തിൽ അഥവാ കർത്താവിന്റെ നാമം മുഖാന്തരമാണ് പാപമോചനം നല്കിയിരിക്കുന്നത് (പ്രവൃത്തി 10:43). മാനസ്സാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു (ലൂക്കൊസ് 24:47). മാനസാ

ന്തരപ്പെട്ടു സ്നാനം ഏല്ക്കുന്നവർക്കാണ് പാപമോചനം ലഭിക്കുന്നത്. അതു കർത്താവിന്റെ നാമത്തിൽ അഥവാ അധികാരത്തിലാണ് ഒരുക്കിയിരിക്കുന്നത്.

ക്രിസ്തുവിന്റെ അധികാരമാണ് ഇന്ന് മതപരമായി നിലനില്ക്കുന്നത്. അതിനർത്ഥം നാം മതപരമായി ചെയ്യുന്നതെല്ലാം ആധികാരികമാകണമെങ്കിൽ ക്രിസ്തുവിന്റെ വചനപ്രകാരമായിരിക്കണം ചെയ്യേണ്ടത്. അല്ലെങ്കിൽ അത് ദൈവം സ്വീകരിക്കയില്ല. അതുകൊണ്ടാണ് വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് (കൊലൊസ്യർ 3:17). മറ്റൊരു മനുഷ്യർക്കും മതപരമായി ഒരധികാരവുമില്ല. അന്തിമ അധികാരം കർത്താവിനാണുള്ളത്. നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും കഴിയുന്ന ഏക വ്യക്തി കർത്താവായ യേശു ക്രിസ്തു മാത്രമാണ് (പ്രവൃത്തികൾ 4:12). ഈ സത്യം എല്ലാവരും അറിഞ്ഞ് പ്രവർത്തിച്ചാൽ തീർച്ചയായും അനുഗ്രഹിക്കപ്പെടും. ദൈവവചനത്തിന്റെ പ്രസക്തിയും ക്രിസ്തുവിന്റെ ഉപദേശത്തിന്റെ അനിവാര്യതയേയും ഓർപ്പിക്കുന്നതാണ് ഈ നാമം. 'അവനെ ദൈവം എല്ലാറ്റിനും മീതെ തലയാക്കി വച്ചിരിക്കുന്നു.

## ക്രിസ്തുവിനെ അനുകരിക്കൽ

### ഡേവിഡ് തർമാൻ

നഷ്ടപ്പെട്ടവനെ രക്ഷിക്കുക എന്ന തന്റെ ശുശ്രൂഷയിൽ നിന്നും അവൻ വേർപെട്ട് തന്റെ പാരമ്പര്യത്തിലേക്കു യേശു തിരിഞ്ഞുനിന്നില്ല എന്ന പ്രത്യേകതയാണ് നാം കാണുന്നതു. ഇതു തന്റെ സ്നേഹത്തിൽ നിന്നും ഉയർന്ന ഒരു സ്വഭാവമായിരുന്നു. ഇടയൻ ഇല്ലാത്ത ആടുകളെപോലെ വലിയൊരു പുരുഷാരം കഴിയുന്നതു കണ്ടപ്പോൾ അവന്നു അവരോടു മനസ്സലിവ് ഉണ്ടായി (മർക്കൊസ് 6:34). നഷ്ടപ്പെട്ട ആളുകളുടെ/അവസ്ഥയിൽ അവരോടു യേശുക്രിസ്തുവിനു അനുകമ്പ തോന്നാതിരുന്നിട്ടില്ല. ഈ സന്ദർഭത്തിൽ അവൻ തന്റെ ശിഷ്യൻമാരെ വിളിച്ച് വേറിട്ട്

കൊണ്ടുപോകാൻ ഒരുങ്ങുകയായിരുന്നു. എങ്കിലും പുരുഷാരം അവനെ പിൻചെന്നപ്പോൾ അവൻ അവരെ പഠിപ്പിക്കുവാനും അവർക്കുവേണ്ട ഭക്ഷണം നല്കുവാനും തയ്യാറായി. ജീവിതത്തിൽ ലക്ഷ്യമില്ലാതെ അലയുന്ന ആളുകളെ സഹായിക്കുക എന്നതാണ് തന്റെ ദൗത്യം എന്നു കർത്താവ് അറിഞ്ഞിരുന്നു.

നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ള യേശുവിന്റെ വിശപ്പ് മതപരമായ തന്റെ ബഹുമാനത്തേക്കാൾ വലുതായിരുന്നു. "അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി സക്കായിയേ, വേഗം ഇറങ്ങിവാ: ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു (ലൂക്കൊസ് 19:5-7). മരത്തിന്റെ മുകളിൽ കയറി ഇരുന്നു തന്നെ ഒരു നോക്കു കാണുവാൻ ആഗ്രഹിച്ച സക്കായിയെ യേശുവിനു ഇഷ്ടമായി. യജമാനൻ അവനെ കണ്ടു സന്തോഷത്തോടെ അവന്റെ വീട്ടിൽ പോയി അവന്റെ മേശയിൽ നിന്നു ഭക്ഷിച്ചു. ഇതു മതപരമായ ആളുകൾക്കു യേശുവിനോട് നീരസത്തിനു കാരണമായി. ദൈവത്തെ പിൻപറ്റുന്ന യഥാർത്ഥ വ്യക്തി അങ്ങനെ പാപിയായ ഒരാളോടു സംസർഗ്ഗം നടത്തുകയില്ല എന്നാണ് അവർ കരുതിയതു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നതു എന്നു പറയുന്നതു പോലെ ഒരു പാരമ്പര്യവിശ്വാസത്തിനും അവന്റെ പ്രവൃത്തിയെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

ക്രിസ്ത്യാനികൾ ഇന്നു യേശുക്രിസ്തുവിന്റെ സ്വഭാവത്തെയാണ് അനുകരിക്കേണ്ടതു. നഷ്ടപ്പെടുന്നവരെ നേടുന്നതിൽ നിന്നു നമുക്കു തടസമായി ഉണ്ടായിരുന്ന ചിന്ത, പാരമ്പര്യം, സ്വഭാവം ഇങ്ങനെ എന്തുതന്നെയായിരുന്നാലും അവയെല്ലാം ഉപേക്ഷിക്കണം. നമ്മുടെ ഇഷ്ടത്തേക്കാൾ ദൈവേഷ്ടത്തിനു പ്രാധാന്യം കൊടുക്കണം.

ഒരാത്മാവുപോലും നഷ്ടപ്പെടുന്നതു ദൈവത്തിനു ഇഷ്ടമുള്ള കാര്യമല്ല. തന്റെ ഏകജാതനായ പുത്രനെ നമുക്കു വേണ്ടി മരിപ്പാൻ അനുവദിച്ച ആ സ്നേഹത്തെ നിങ്ങൾ കാണുന്നില്ലേ? ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും.

✱

# വാർത്തകൾ




For the last five decades he travelled in many countries to evangelise and written several books and published many magazines in different languages. He was the founder and editor of the Voice of Truth International Magazine. Also he was the editor of the Bible Teacher and the Bible Truth monthly . We are deeply grateful for his great work. We pray that sister Betty may have the ability to bear this temperory seperation. He also promototed Radio and TV programs in several languages.

## കള്ളനോട്ട്: മുഖ്യപ്രതി അറസ്റ്റിൽ

കള്ളനോട്ട് കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന മുഖ്യപ്രതി അറസ്റ്റിൽ. മുൻ സർക്കാർ കോൺട്രാക്ടർ തിരുവനന്തപുരം ചിറയിൻകീഴു സ്വദേശി ജിംഗാനെ (സാബു-39) യാണ് ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്. കള്ളനോട്ട് കേസിൽ മുൻ ശിക്ഷയനുഭവിച്ചിട്ടുള്ളതാണ് പ്രതിയെന്ന് പോലീസ് അറിയിച്ചു.

കേസിൽ ഏഴു പ്രതികൾ നേരത്തെ അറസ്റ്റിലായിരുന്നു. 2007-ഏപ്രിലിൽ പറവൂരിന് സമീപം ഏഴുപ്രതികളും മദ്യപിച്ചശേഷം ബാറിൽ നൽകിയത് 500ന്റെയും 100ന്റെയും കള്ള നോട്ടു കളായിരുന്നു. പ്രതികൾക്ക് കള്ളനോട്ട് നൽകിയത് ജിംഗാ നായിരുന്നു. നേരത്തെ പറവൂർ പോലീസ് അന്വേഷിച്ച കേസ് പിന്നീട് ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയായിരുന്നു.

✶

## വൃക്കകൾ തകരാറിലായ യുവാവ് സഹായം തേടുന്നു

രണ്ടു വൃക്കകളും തകരാറിലായ നിർധന യുവാവ് കാരുണ്യമുള്ളവരുടെ കനിവു തേടുന്നു. പാറശാലയ്ക്കടുത്ത് ഐങ്കാമം കാട്ടാവിള കാരുണ്യഭവനിൽ യേശുദാസ് (40) ആണ് മാരകരോഗത്തിനു മുന്നിൽ പകച്ചുനിൽക്കുന്നത്. കളിയിക്കാ വിളയിൽ പച്ചക്കറി കച്ചവടം നടത്തി ഉപജീവനം നടത്തിവരി കയായിരുന്ന യേശുദാസിന്റെ ജീവിതം തകർത്ത രോഗം 16 മാസം മുൻപാണു കടന്നുവന്നത്. 'മൾട്ടിപ്പിൾ റീനൽ കാൽക്കുലൈ' എന്ന രോഗം മൂലം രണ്ടു വൃക്കകളും കല്ലുവന്നു നിശേഷം തകരാറിലാവുകയായിരുന്നു.

✶

## ദൈവം നീട്ടിക്കൊടുത്ത ആയുസിൽ പകുതിയിലും ഒപ്പം സാം ജോണും

ബേബി ജോണിനു ദൈവം നീട്ടിക്കൊടുത്ത ആയുസിൽ

പകുതിയിലും സാം ജോണും ഒപ്പമുണ്ടായിരുന്നു അക്യുപ്രഷർ ചികിത്സയുമായി. അതിനാൽ അപ്രതീക്ഷിതമായ ഈ വേർപാട് സാമിനെയും ദുഃഖത്തിന്റെ മൗനത്തിലാഴ്ത്തി.

പത്തനം തിട്ടയിലെ അക്യുപ്രഷർ ചികിത്സാ കേന്ദ്രമായ 'സ്വാസ്ഥ്യ' യുടെ സാരഥി സാം അഞ്ചുവർഷം മുൻപ് അപ്രതീക്ഷിതമായാണ് ബേബി ജോണിന്റെ മുൻപിലെത്തുന്നത്.

## ജീവിതശൈലി മാറ്റം പ്രധാന വില്ലൻ

ആരോഗ്യ മേഖലയിൽ നിന്നു സർക്കാരിന്റെ പിന്മാറ്റവും ജീവിതശൈലികൾ മാറിമറിയുന്നതും കേരളത്തിലെ ആരോഗ്യമേഖല സമീപഭാവിയിൽ അഭിമുഖീകരിക്കാൻ പോകുന്ന പ്രതിസന്ധികളാണെന്നു ഡോ.ബി. ഇക്ബാൽ.

കേരളത്തിന്റെ തനതായ അറിവുകൾ സംയോജിപ്പിച്ച് ഔഷധനിർമ്മാണത്തിനായി ഗവേഷണ സ്ഥാപനം സ്ഥാപിക്കണം - ഇക്ബാൽ പറഞ്ഞു. ഇരുപതാം ശാസ്ത്ര കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

## രണ്ടുനാൾ; പിന്നെ പൂക്കാലം

തലസ്ഥാന നഗരിക്കു വസന്തോൽസവത്തിന്റെ 10 ദിനങ്ങളൊരുക്കാൻ ഒബ്സർവേറ്ററി ഹിൽസ് അണിഞ്ഞൊരുങ്ങുന്നു.

പുഷ്പോൽസവത്തിന്റെ അറുപതാം വാർഷികം കൂടിയാണ് ഫെബ്രുവരി ഒന്നുമുതൽ 10 വരെ ഒബ്സർവേറ്ററി ഹിൽസിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഹാളിലുമായി അരങ്ങേറുന്നത്.

ഒബ്സർവേറ്ററി ഹിൽസിൽ ഒരുക്കുന്ന സ്വാഭാവിക പുഷ്പശയ്യകൾ ഈ വർഷത്തെ പുഷ്പോൽസവത്തിന്റെ ഏറ്റവും വലിയ ആകർഷണമാവും.

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays,
Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays,
Thursdays, 2.00 P.M-2.15 P.M. Speaker,
Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 February**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378